ശ്രീ. കെ. കൃഷ്ണൻ : വടകരയിൽ പുതിയ വാർഡിനുവേണ്ടി നാൽപ്പതിനായിരം ഉറുപ്പിക ബഡ്ഡറിൽ നീക്കിവച്ചു. അതുസംബന്ധിച്ചുള്ള പ്രവർത്തനം ഇതുവരെ ആരംഭിച്ചിട്ടില്ല. ഇതിനുവേണ്ട നടപടികളും നടത്താൻ ദയവുണ്ടാകുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : അതേപ്പറ്റി അന്വേഷിക്കാം.

മരച്ചീനി കൃഷി

*295. [8] ശ്രീമതി കുസുമം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും കൃഷിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മരച്ചീനി കൃഷിക്കാർക്ക് അനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന പ്രയാസങ്ങൾ ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വൻതോതിൽ സ്റ്റാർച്ചു ഫാക്ടറി ആരംഭിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ ;

(സി) ഇപ്പോഴത്തെയുള്ള സ്റ്റാർച്ചു ഫാക്ടറികളിലെ വേസ്റ്റു കാലിതീറ്റിയായി ഉപകാരപ്പെടുത്തുന്നതിനു നടപടി സ്വീകരിക്കുമോ ?

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഇ. പി. പൗലോസ്) :

(എ) ഉണ്ട്.

(ബി) ഇക്കാര്യം ഗവണ്മെൻറിന്റെ പരിഗണനയിൽ ഇരിക്കുകയാണ്,

(സി) നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണ്.

ശ്രീ. എം. എം. മത്തായി : ഇന്നു മരച്ചീനിക്കൃഷി വളരെയധികം നഷ്ടത്തിലാണു് നടത്തിക്കൊണ്ടിരിക്കുന്നതു്. കൃഷിക്കാർക്കു് കൃഷിചെലവു പോലും കിട്ടുന്നില്ല. സ്ഥിരമായ ഒരു വില കിട്ടുന്നതിനുവേണ്ടി ഗവണ്മെൻറു് എന്തെങ്കിലും നടപടികൾ സ്വീകരിക്കുന്ന കാര്യം ആലോചിച്ചിട്ടുണ്ടോ ?

The following are the main steps taken for the Tapioca producers and manufacturers of Tapioca products:—

1. For the better prospects of the production of tapioca a Pilot Scheme has been introduced. As per this Scheme the producers who register their names with the factories are eligible to get a reasonable price for their produce.

2. With a view so promote the export of tapioca products strong representations were made to the Government of India to reduce the freight rate on Manioc Meal, and other tapioca products. As a result of these the freight rate has been reduced.

3. Government of India have been requested to include tapioca products in all the trades and to make payment agreements with foreign countries in future.

4. Further to promote export, standard qualities were got fixed by the Indian Standard Institutions for various products of tapioca.

5. Steps are also being taken to popularise the use of spent pulp (a byproduct) as cattle food,

LIBRARY ARCHIVES Kerala Legislative Assembly

6. Government has also been moved to regulate the import of Maize which is used for manufacture of starch in India in large quantities so as to induce the utilisation of tapioca for starch production.

7. The State Trading Corporation is being induced to arrange for export of manioc meal on a large scale if necessary by subsidising the difference between the C. I. F. Cost and the international market rate.

ശ്രീ. സി. എ. മാത്യു : മരച്ചീനിയുടെ വില കുറഞ്ഞുവരുന്ന സ്ഥലങ്ങളിൽ കൃഷിക്കാരെ സഹായിക്കുന്നതിനായി അവരുടെ സഹകരണസംഘങ്ങം രൂപീകരിക്കുകയും, ഒരു നിശ്ചിത വിലയിൽ മരച്ചീനിയുടെ വില താഴ്ന്നു പോയാൽ ആ സഹകരണസംഘങ്ങം ഒരു നിശ്ചിത വിലകൊടുത്തു കൃഷിക്കാരുണ്ടാക്കുന്നതായ കപ്പ വാങ്ങിക്കുകയും ചെയ്യുന്ന ഒരു പതിവുണ്ടായിരുന്നു. എന്നാൽ അടുത്തകാലത്തു് മരച്ചീനിയുടെ വില കാര്യമായി കുറഞ്ഞുപോയ അവസരത്തിൽ അപ്രകാരമുള്ള നടപടി സ്വീകരിക്കാതിരിക്കുവാൻ വല്ല പ്രത്യേക കാരണവുമുണ്ടോ ?

ശ്രീ. ഈ. പി. പൗലോസു് : അതിനു് പ്രത്യേക കാരണമൊന്നുമില്ല. സ്റ്റേറ്റുഗവണ്മെൻറിനെസംബന്ധിച്ചിടത്തോളം പ്രൈസു് സപ്പോർട്ടിനു ഒരു സ്കീം ഉണ്ടാക്കി അതു നടത്തുവാൻ വിഷമമുണ്ടു്.

ശ്രീ. ജോസഫു് ചാഴിക്കാട്ടു് : നമ്മുടെ രാജ്യത്തു് മരച്ചീനി മാക്കറ്റു് എസ്റ്റാൻഷൻ ബോർഡു് എന്നു ഒന്നുണ്ടല്ലോ. ആ ബോർഡിൽനിന്നു പുറത്തേക്കു കയറ്റി അയക്കുന്ന കപ്പയ്ക്കു കപ്പൽക്കൂലിയിൽ എന്തെങ്കിലും കുറവു കിട്ടണമെന്നു ഇൻഡ്യാഗവണ്മെൻറിനോടു് അപേക്ഷിച്ചതിൻറെ ഫലമായിട്ടു് 100 ഷില്ലിംഗു് കപ്പൽക്കൂലി കുറവുചെയ്തുകൊണ്ടു് ഇൻഡ്യാഗവണ്മെൻറിൻറെ ഒരു ഉത്തരവുണ്ടായിട്ടുള്ളതായിട്ടുള്ളതായി ഗവണ്മെൻറിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ആ കല്പനയുടെ ഒരു കോപ്പി എനിക്കുകിട്ടിയിട്ടുണ്ടു്. കയറ്റി അയയ്ക്കുന്ന ഒരു ടൺ കപ്പയിന്മേൽ 100 ഷില്ലിംഗു് കുറച്ചുകൊടുക്കുന്നതിനു ഇൻഡ്യാഗവണ്മെൻറു തീരുമാനിച്ചിട്ടുണ്ടെന്നാണു് ആ കൽപ്പന. അതിൻറെ കോപ്പി എനിക്കു കിട്ടിയിട്ടുണ്ടു്. അതു് ഗവണ്മെൻറു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. ഈ. പി. പൗലോസു് : ഈ കാര്യം റെപ്രസെൻറു ചെയ്തിട്ടുണ്ടെന്നേ മാത്രമാണു് എനിക്കു ലഭിച്ചിട്ടുള്ള വിവരം. ഇൻഡ്യാഗവണ്മെൻറിൻറെ തീരുമാനത്തിൻറെ കോപ്പി വന്നിട്ടുണ്ടോ എന്നറിഞ്ഞുകൂടാ.

ശ്രീ. ഈ. പി. ഗോപാലൻ : ഇവിടെത്തന്നെ കപ്പയിൽനിന്നു് സ്റ്റാർച്ചു് ഉണ്ടാക്കുന്നതിനു് ഫാക്ടറി സ്ഥാപിക്കുവാൻ പോകുന്നുണ്ടു്. എത്രത്തോളം കപ്പ സ്റ്റാർച്ചു് ആക്കി മാറ്റുവാൻ ഉദ്ദേശിക്കുന്നുണ്ടു് ; ഇവിടെത്തന്നെ ഉൽപ്പാദിപ്പിക്കുന്നതും ഇവിടെ നിത്യോപയോഗമുള്ളതും ആയ കപ്പ സ്റ്റാർച്ചു് ആക്കുവാൻ ഏതെങ്കിലും സ്കീം ഉണ്ടോ ?

ശ്രീ. ഈ. പി. പൗലോസു് : തിരുവനന്തപുരത്തുതന്നെ ഇത്തരത്തിൽ ഒരു ഫാക്ടറി തുറക്കുവാനുള്ള നടപടി പൂർത്തിയായിരിക്കുകയാണു്. ഉടനെതന്നെ അതിൻറെ പ്രവർത്തനം ആരംഭിക്കും. അതിനു് ഈ സ്റ്റോറിനു പുറമേനിന്നു് കുറെ ആളുകൾ ഇവിടെ വന്നു് ചില ഡിസ്കഷൻസു് എല്ലാം നടത്തിപ്പോയിട്ടുണ്ടു്. അവർക്കു് അവരുടെ വകയായിത്തന്നെ കുറെ സ്ഥലം ഇതിലേക്കു കിട്ടണമെന്നു പറഞ്ഞിരിക്കുകയാണു്. അവയ്ക്കാവശ്യമായ റൗമെറ്റീരിയൽസു് കൊടുക്കുവാൻ സാധിക്കുമോ എന്നുള്ളതിനെപ്പറ്റിയെല്ലാം ആലോചിച്ചുവരുകയാണു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : കപ്പയിൽനിന്ന് സ്റ്റാർച്ചെടുത്തതിനു ശേഷം അതിന്റെ വേസ്റ്റു കന്നുകാലി തീറ്റിയായി ഉപയോഗപ്പെടുത്തുകയാണു ചെയ്യുന്നതു്. സ്റ്റാർച്ചു എക്സ്പോർട്ടു ചെയ്യുകയാണു പതിവു്. ഇവിടെനിന്നു എക്സ്പോർട്ടു ചെയ്യുന്ന സാധനങ്ങളിൽ അഡൾട്ടറേഷൻ വന്നതുകൊണ്ടാണു് എക്സ്പോർട്ടു കുറഞ്ഞതെന്നു ഒരഭിപ്രായമുണ്ടു്. അതു് ഗവണ്മെന്റു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഈ അഡൾട്ടറേഷൻ തടയുവാൻ എന്തു നടപടിയാണു് ഗവണ്മെന്റു എടുത്തിട്ടുള്ളതു് ?

ശ്രീ. ഇ. പി. പൗലോസ് : പലപ്പോഴും നമ്മുടെ കയറ്റുമതി സാധനങ്ങളിൽ മായംചേർക്കുന്നതുകൊണ്ടു്. കയറ്റുമതി സാധനങ്ങളുടെ വികസനം നടത്തുവാൻ സാധിക്കാതെ വരുന്നുണ്ടു്. ഐ. എസ്. ഐ. ആണു് കയറ്റുമതി സാധനങ്ങളുടെ സ്റ്റാൻഡേർഡു് ഫിക്സു ചെയ്യുന്നതു്.

കോഴിക്കോട്ടെ ടൂറിസ്റ്റു ബംഗ്ലാവു്

* 296. [9] ശ്രീ. പി. സി. ബാലകൃഷ്ണൻ നമ്പ്യാർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട്ടെ ടൂറിസ്റ്റു ബംഗ്ലാവു് വികസിപ്പിക്കുവാനുള്ള പദ്ധതി എന്തായി;

(ബി) അതിന്റെ പ്ലാനും എസ്റ്റിമേറ്റും കിട്ടിയോ;

(സി) എത്ര സംഖ്യ അതിനു നീക്കിവച്ചിട്ടുണ്ടു്;

(ഡി) മൂന്നാം പദ്ധതിയിൽ മറ്റു ഏതെല്ലാം ടൂറിസ്റ്റു ബംഗ്ലാവുകൾ വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നു;

(ഈ) വടക്കെ വയനാട്ടിൽ ഒരു ടൂറിസ്റ്റു ബംഗ്ലാവു നിർമ്മിക്കുന്ന കാര്യം പരിശോധിക്കാമോ?

പൊതുമരാമത്തു വകുപ്പുമന്ത്രി (ശ്രീ .പി. പി. ഉമ്മർകോയ):

(എ) ഇതു് മൂന്നാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടു്. അതിലേയ്ക്കുള്ള പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി അയ്ക്കുവാൻ ചീഫ് ഇൻജിനീയരോടാവശ്യപ്പെട്ടിട്ടുണ്ടു്.

(ബി) ഇല്ല.

(സി) 1.25 ലക്ഷം രൂപാ.

(ഡി) ബോംഗാട്ടി, ഇടപ്പാളയം, കണ്ണൂർ, മലമ്പുഴ എന്നീ ടൂറിസ്റ്റു ബംഗ്ലാവുകൾ വികസിപ്പിക്കുന്നതിനു മൂന്നാം പഞ്ചവത്സരപദ്ധതിയിൽ വകകൊള്ളിച്ചിട്ടുണ്ടു്.

(ഈ) മൂന്നാംപഞ്ചവത്സരപ്പദ്ധതിക്കാലത്തു് നിവർത്തിയില്ല.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : മൂന്നാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തപ്പെട്ടിട്ടുള്ള പല ടൂറിസ്റ്റു ബംഗ്ലാവുകളുടെയും പണി യാതൊന്നുമാകാതെ ഇപ്പോഴും കിടക്കുകയാണു്. കൊട്ടാരക്കരയിൽ ടൂറിസ്റ്റു ബംഗ്ലാവായി ഉപയോഗിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ള സ്ഥലം അതിന്റെ ഉടമസ്ഥൻ ടൂറിസ്റ്റു ഡിപ്പാർട്ടുമെന്റിനു വിട്ടുകൊടുത്തിട്ടില്ലെന്നും മറ്റും വളരെ തെറ്റിദ്ധാരണാപരമായ റിപ്പോർട്ടുകൾ കിട്ടിക്കൊണ്ടിരിക്കുന്നുണ്ടു്. അതെല്ലാം അവസാനിപ്പിച്ചു മൂന്നാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ടൂറിസ്റ്റുബംഗ്ലാവുകളുടെ പണി പൂർത്തിയാക്കുമെന്നു പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly